**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4662** **13-03-2023 - ൽ മറുപടിയ്ക്ക്**

**കാട്ടുതീ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടായ കാട്ടുതീ മൂലം വനസമ്പത്തിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഈ വർഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 06-03-2023 വരെ 133 സംഭവങ്ങളിലായി 309.3 ഹെക്ടർ സ്ഥലത്ത് കാട്ടുതീ ഉണ്ടായി. വേനൽകാലത്തുണ്ടാകുന്ന കാട്ടുതീ കൂടുതലായും ഉണങ്ങിയ പുൽമേട്ടുകളെയും അടിക്കാടുകളെയുമാണ് ബാധിക്കുന്നത്. തുടർന്ന് വരുന്ന കാലവർഷത്തിൽ പുൽമേട്ടുകളും അടിക്കാടുകളും പൂർവ്വസ്ഥിതി പ്രാപിക്കുന്നതിനാൽ വന സമ്പത്തിന് ഗുരുതരമായ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കിയിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് നിലവിൽ അനുഭവപ്പെടുന്ന അതിതീവ്രമായ വരൾച്ച കാരണം കാട്ടുതീ പടർന്ന് പിടിക്കാനുള്ള സാധ്യത ഏറെയാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ അനുഭവപ്പെടുന്ന അതിതീവ്രമായ വരൾച്ച കാരണം കാട്ടുതീ പടർന്ന് പിടിക്കാനുള്ള സാധ്യത ഏറെയാണ്. വേനൽ കാലത്ത് കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത കൂടുതലായതിനാൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ച് നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും, ബ്ലോക്ക് തലം മുതൽ സർക്കിൾ തലം വരെ ഫയർ മോണിറ്ററിങ് സെല്ലുകൾ രൂപീകരിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വനം ഹെഡ്ക്വാർട്ടേഴ്സിൽ FMC(Fire Monitoring Cell) പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പറും, ലാൻഡ് ഫോണും വനം വകുപ്പ് ഹെഡ്ക്വാർട്ടേഴ്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടുതീ പ്രതിരോധ നിരീക്ഷണത്തിനായി തദ്ദേശവാസികളായ വനാശ്രിതരെ ഫീൽഡ് തല ജീവനക്കാരോടൊപ്പം നിയോഗിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങൾക്കനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കത്തക്ക വിധത്തിൽ ജീവനക്കാർക്ക് |

| | | | |
|---|---|---|---|
| | | | പരിശീലനവും പൊതുജനങ്ങളിൽ അവബോധവും നൽകിയിട്ടുണ്ട്. |
| (സി) | കാട്ടുതീ പടർന്ന് പിടിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന വനം വകുപ്പിന് കീഴിലുള്ള എല്ലാ സർക്കിളുകളിലും റെയിഞ്ച് തലം മുതൽ ഫയർ സീസ്സണുകളിൽ നടപ്പാക്കേണ്ട കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയർ മാനേജ്മെൻറ് പ്ലാൻ മുൻകൂറായി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. മുൻകാല ഫയർ ഇൻസിഡൻറുകളുടെ അടിസ്ഥാനത്തിൽ വനമേഖലയെ തീ കത്തുന്നതിന് കൂടുതൽ സാധ്യതയുള്ള മേഖല, മിതമായ സാധ്യതയുള്ള മേഖല, സാധ്യത കുറവായ മേഖല എന്നിങ്ങനെ തരം തിരിച്ച് ഫയർ ബ്ലോക്കുകൾ തയ്യാറാക്കുന്നു. ഓരോ മേഖലകളിലെയും സാദ്ധ്യതയ്ക്കനുസരിച്ച് ബന്ധപ്പെട്ട ഫയർപ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ (ടി പ്രദേശത്തെ ഇന്ധന ശേഷി കുറയ്ക്കുന്നതിനുള്ള നടപടികൾ, ഫയർ ബ്രേക്ക് നിർമ്മാണം, ഫയർലൈൻ നിർമ്മാണം, ഫയർ ഗ്യാങ്ങുകളെ നിയോഗിക്കുക തുടങ്ങിയവ) നടപ്പിലാക്കുകയും ഫയർ വാച്ചർമാരെ സുരക്ഷക്കായി നിയോഗിക്കുകയും ചെയ്തുവരുന്നു. ഇക്കോ ഡെവലപ്പ്മെൻറ് കമ്മറ്റി **(EDC)** / വന സംരക്ഷണ സമിതി **(VSS)** അംഗങ്ങളെ ഉൾപ്പെടുത്തി രൂപപ്പെടുത്തുന്ന ഫയർ ഗ്യാങ്ങുകളെ ആവശ്യമനുസരിച്ച് കാട്ടുതീ മേഖലകളിലേക്ക് നിയോഗിക്കുകയും ചെയ്യുന്നു. ട്രക്ക് പാത്തുകളും കൂപ്പ റോഡുകളും നവീകരിച്ച് ഉൾക്കാട്ടുകളിൽ വേഗത്തിൽ എത്തി കാട്ടുതീ കണ്ടെത്തിത്തടയുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെഹറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ) ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. എഫ്.എസ്.ഐ മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യത അലർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും അതാതു ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് |

| | | | |
|---|---|---|---|
| | | | ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ **2016** മുതൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെൻറ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള ഫയർ സീസണിൽ ഹെഡ്ക്വാർട്ടേഴ്സ്/ സർക്കിൾ/ ഡിവിഷൻ/ റെയിഞ്ച്/ സ്റ്റേഷൻ തലത്തിൽ **24** മണിക്കൂറും ഫയർ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ